# സമയരഥം

■ എ. ജയകുമാർ

"ഇന്നാരെയെങ്കിലും പ്രതീക്ഷിക്കുന്നുണ്ടോ, മായി..."

പ്രാതലിനുശേഷം ഗുളികകൾ ഒന്നൊന്നായി വിഴുങ്ങുമ്പോൾ നീലുവിന്റെ ചോദ്യം.

ഞാൻ ആർക്കെങ്കിലും സന്ദർശനാനുവാദം കൊടുത്തിട്ടുണ്ടോയെന്ന്. അവളുടെ ചോദ്യത്തിന്റെ ഉദ്ദേശം മറ്റൊന്നുമല്ല. ഞാൻ എപ്പോൾ അവൾക്ക് പോകാനനുവാദം കൊടുക്കുമെന്നു മാത്രമാണ്.

സന്ദർശകർ? ഞാൻ ആരെയും പ്രതീക്ഷിക്കുന്നില്ല. പക്ഷേ, ആർക്കുവേണമെങ്കിലും വരാമല്ലോ. ഞാൻ ആകെ പ്രതീക്ഷിക്കുന്നത് ഒരാളെമാത്രം. ഒരു ഫോൺ വരുമ്പോൾ, അല്ലെങ്കിൽ കാളിംഗ്ബെല്ലിന്റെ നാദം മുഴങ്ങുമ്പോൾ ഞാൻ പ്രതീക്ഷിക്കുന്നു; അവനായിരിക്കും. എന്നെ വല്ലാതെ വിവശയാക്കി അവൻ എന്തിന് ഈ ഒളിച്ചുകളി നടത്തുന്നു?

"മായി..."

അവളുടെ വിളിയിൽ അപേക്ഷാസ്വരമുണ്ട്.

എനിക്ക് ചെടിക്കുന്നു. ഒരു ദിവസം പലയാവർത്തി ഈ പേര് തന്നെ. മായി... മായി. മറ്റു ചില പേരുകൾ കൂടി അവളെ പഠിപ്പിക്കണം. അന്നാകരനീന, മാഡംബോവറി, നതാഷ്യ, അഹല്യ, ലേഡിചാറ്റർലി... അങ്ങനെ. അതെ, വിശ്വസാഹിത്യത്തിലെ പതിതകളായ സ്ത്രീകളുടെ പേരുകൾ എനിക്ക് പവിത്രമാണ്. എന്റെ കാമുകർ അവർക്കിഷ്ടപ്പെട്ട പേരുകളിലാണ് എന്നെ വിളിച്ചിട്ടുള്ളത്.

മന്ദാകിനി, ഇന്ദുമതി, വീനസ്, രതി, പാർവ്വതി, മാതംഗി... എത്രയെത്ര പേരുകൾ!

ആ പേരുകൾക്കൊത്ത് ഞാൻ രൂപവും ഭാവവും മാറിയിരുന്നു. ആ



പേരുകൾക്കൊത്ത് ഓരോ സംബോധനയിലും ഞാൻ പുനർജ്ജനിച്ചു. ഒരു ജന്മത്തിൽ അനേകം ജന്മങ്ങൾ. ഒരു രൂപത്തിൽ അനേകം രൂപങ്ങൾ. എന്റെ നൃത്തശാലയിൽ ഞാൻ പല വേഷങ്ങൾ കെട്ടിയാടി. സർവ്വം മറന്ന് നൃത്തം ചെയ്തു. എന്റെ ആത്മാവിനെ കണ്ടെത്തുന്നതുവരെ. ഇന്ന്, നൃത്തശാലയില്ല. ഞാൻ നർത്തകിയുമല്ല.

പെട്ടെന്ന് നിശ്ശബ്ദതയെ കീറിമുറിച്ചുകൊണ്ട് ഫോൺകാൾ.

എനിക്ക് ദേഷ്യം വന്നു. നാശം.

ഉടൻതന്നെ പ്രതീക്ഷയുടെ തങ്കസൂര്യനും എന്റെ ഉള്ളിലുദിച്ചു. അവനാണെങ്കിലോ...?

ഫോണെടുത്ത് നീലു പറഞ്ഞു

"വസുധ...."

ഒരു നിമിഷം ഞാൻ ആലോചിച്ചു. വേണ്ട. ഇന്നുവേണ്ട....

"മറ്റൊരു ദിവസം വരാൻ പറയൂ... ഫോൺ ചെയ്തിട്ട്....."

പുതിയ തലമുറയിലെ ഒരു എഴുത്തുകാരിയാണ്. അവൾ ഈയിടെ പ്രസിദ്ധീകരിച്ച രണ്ടുമൂന്ന് കഥകൾ എനിക്കയച്ചു തന്നിരുന്നു. അഭിപ്രായം കേൾക്കാൻ നേരിട്ടു വരാമെന്നുമറിയിച്ചിരുന്നു.

വസുധയുടെ കഥകൾ ഞാൻ വായിച്ചിരുന്നു. ഒന്നും തൃപ്തികരമായി എനിക്ക് തോന്നിയില്ല. എല്ലാം പുരുഷന്മാരുടെ മേധാവിത്വത്തെക്കുറിച്ചാണ്. വാക്കുകൾ വാരിക്കോരി പ്രയോഗിച്ചിട്ടുണ്ട്. തീരെ ലളിതമല്ല. വാക്കുകൾക്ക് പുറകെ ഇവരെന്തിനിങ്ങനെ പായുന്നു? പറയാനെന്തെങ്കിലുമുണ്ടെങ്കിൽ ഹൃദയത്തിൽനിന്ന് വന്നുകൊള്ളും, വാക്കുകൾ. അതിന് പകരം നിഘണ്ടു തപ്പി വാക്കുകൾ അടുക്കിവച്ചിരിക്കുന്നു? എഴുതാനുള്ള മോഹം മാത്രമാണ് ഇവർക്ക് കൈമുതൽ! ജീവിതാനുഭവങ്ങൾ...? നന്നേ കഷ്ടി. ഇല്ലെന്നുതന്നെ പറയാം.

സുഖവൃക്ഷത്തണലിൽ ചാരുകസാലയിൽ കിടക്കുന്നയാൾക്ക് എന്തു ജീവിതാനുഭവങ്ങളാണ്? എന്നിട്ടും അവർക്ക് ദുഃഖമാണത്രെ. അസ്തിത്വദുഃഖം. ജീവിതത്തിന്റെ നിലയില്ലാക്കയത്തിൽ മുങ്ങിത്തപ്പാൻ, ശ്വാസംമുട്ടുവോളം അവിടെ കിടന്ന് വെള്ളം കുടിക്കാൻ ഇവറ്റകൾക്കൊന്നും ധൈര്യമില്ല, ആവേശവുമില്ല. ഓരോ ലേബലുകൾ നെറ്റിയിൽ മാത്രം പതിക്കുന്നു. ആധുനികത... അത്യന്താധുനികത... ഉത്തരാധുനികത. ഇവയൊക്കെയും ഓരോരോ സ്കൂളുകളെന്ന് വ്യാഖ്യാനവും.

ഈയിടെ ഒരു യുവസാഹിത്യകാരൻ എന്നോട് ചോദിച്ചു.

"മാഡത്തിന്റെ രചനകൾ ഏതു സ്കൂളിൽപ്പെടുന്നു...?"

സ്കൂളോ? സാഹിത്യത്തിൽ ഏത് സ്കൂൾ?

"ഷേക്സ്പിയറുടെ സ്കൂൾ... പിന്നെ, കാളിദാസന്റെയും...."

ഞാൻ മറുപടി പറഞ്ഞു.

സാഹിത്യകാരൻ ചമ്മി. അയാൾ ഇവരുടെ ഒരു വരിപോലും വായിച്ചിട്ടില്ലെന്നത് വ്യക്തം. എനിക്ക് അരിശം വന്നു. വായനാനുഭവങ്ങളെങ്കിലും ഇവരെന്തുകൊണ്ട് സ്വായത്തമാക്കുന്നില്ല?



പുതിയ തലമുറയുടെ രചനകൾ വായിച്ചാൽ വാക്കുകൾ കൊണ്ടു തീർത്ത കൊടുങ്കാററിലൂടെ പോകുന്ന അനുഭവമാണ്. വഴിയറിയാതെ വൻവൃക്ഷങ്ങളിൽ തലയടിച്ച് വീണുപോകും. വാക്കുകൾ കൊണ്ട് അരുവികൾ സൃഷ്ടിക്കാൻ ഇവർക്കെന്തുകൊണ്ട് കഴിയുന്നില്ല?

"ആർത്തവക്ലേശത്തിന്റെ ദുഃഖസാന്ദ്രതയുമായി ശയിച്ച അവളെ നിരാലംബയായ ഭൂമിയെയെന്നപോലെ അയാളുടെ വിജൃംഭിത പുരുഷത്വം ഉഴുതുമറിച്ചു."

വസുധയുടെ ഒരു കഥയിലെ ഒരു വാചകം.

കഴിഞ്ഞദിവസം വീണ്ടും ഒന്നോടിച്ചു നോക്കിയപ്പോൾ കണ്ണിൽ തടഞ്ഞതാണ്. അവൾ വരുമ്പോൾ ബൈബിളെടുത്തു കൊടുക്കണം. വായിച്ചു പഠിക്കട്ടെ. ഭാഷയെന്തെന്നറിയട്ടെ. വാക്കുകളുടെ പൊരുളറിയട്ടെ.

"കാട്ടുമരങ്ങളുടെ ഇടയിൽ ഒരു നാരകം പോലെ

യൗവനക്കാരുടെ ഇടയിൽ എന്റെ പ്രിയൻ ഇരിക്കുന്നു;

അതിന്റെ നിഴലിൽ ഞാൻ അതിമോദത്തോടെ ഇരുന്നു;

അതിന്റെ പഴം എന്റെ രുചിക്കു മധുരമായിരുന്നു

അവൻ എന്നെ വീഞ്ഞുവീട്ടിലേക്കു കൂട്ടിക്കൊണ്ടുചെന്നു;

എന്റെ മീതെ അവൻ പിടിച്ചിരുന്ന കൊടി സ്നേഹമായിരുന്നു.

ഞാൻ പ്രേമപരവശയായിരിക്കയാൽ

മുന്തിരിയട തന്നു എന്നെ ശക്തീകരിപ്പിൻ;

നാരങ്ങാ തന്നു എന്നെ തണുപ്പിപ്പിൻ.

അവന്റെ ഇടങ്കൈ എന്റെ തലയിൻ കീഴെ ഇരിക്കട്ടെ;

അവന്റെ വലങ്കൈ എന്നെ ആശ്ലേഷിക്കട്ടെ."

ഈ ബൈബിൾ വരികൾ എനിക്ക് ഹൃദിസ്ഥമാണ്. എന്തു ലളിതം, എത്ര അഗാധം!

പുരുഷന്മാരെ അടിസ്ഥാനപരമായി ഭയമാണ് സ്ത്രീകൾക്ക്. ആ ഭയത്തിൽ നിന്നുള്ള താൽകാലിക രക്ഷയാണ്, പലർക്കും സാഹിത്യം. ഭയം ഭയമായിത്തന്നെ അവശേഷിക്കുകയും

ചെയ്യുന്നു. കഷ്ടം.

അല്ലെങ്കിൽ ഞാനെന്തിന് ഇതൊക്കെ ചിന്തിച്ച് തല പുകയ്ക്കുന്നു? അല്ലാതെതന്നെ എനിക്ക് ഏറെ ചിന്തിക്കാനുണ്ട്. കഴിഞ്ഞ ഏതാനും ദിവസങ്ങളായി എന്റെ എല്ലാ രാത്രികളും തീർത്തും ശൂന്യമാണ്. എന്റെ എല്ലാ രാത്രികളെയും അർത്ഥപൂർണ്ണമാക്കിയിട്ടുള്ളത് എഴുത്താണ്. പുലരുവോളം എഴുതുക എന്തൊരാനന്ദമാണ്. എഴുതിക്കൊണ്ടിരിക്കെ, ശ്വാസം നിലയ്ക്കുക... മരിക്കുക. ഒരു സുകൃതമരണം. എന്റെ അദമ്യമായ ആഗ്രഹം.

രാത്രി മുഴുവൻ എഴുതി പകലാക്കുകയും പകൽ മുഴുവൻ ഉറങ്ങി രാത്രിയാക്കുകയും ചെയ്ത ബൽസാക്കിനെ എപ്പോഴോ ഞാൻ മനസാ ഗുരുവായി വരിച്ചിരുന്നു.

ഫ്രാൻസിലെ പ്രഭുക്കന്മാരുടെയും പ്രഭ്വികളുടെയും കിടപ്പറയിൽനിന്ന് സാഹിത്യത്തെ സാധാരണക്കാരന്റെ കുടിലുകളിലെത്തിച്ച മഹാസാഹിത്യകാരൻ. തൂലികകൊണ്ട് പാരീസിനെ കീഴടക്കിയ എഴുത്തുകാരൻ. എന്നും കുതിരകൾക്ക് മുൻപിൽ വണ്ടി കെട്ടി മറ്റുള്ളവരുടെ കണ്ണിൽ ജീവിതം നശിപ്പിച്ച പമ്പരവിഡ്ഢി. പക്ഷേ, ആ വിഡ്ഢി ഇന്നും ജീവിക്കുന്നു.

“മായി...’

വീണ്ടും നീലു.

പാവം പോയി വരട്ടെ. അവൾക്ക് പുതിയ വസ്ത്രങ്ങളുടുത്ത് വീട്ടിലെത്തണം. അവളുടെ മായി സമ്മാനിച്ച വസ്ത്രങ്ങളുടെ പകിട്ട് വീട്ടുകാരെ കാണിച്ച് സന്തോഷം പങ്കുവയ്ക്കണം. അത്രതന്നെ.

“പോയ് വരൂ....”

ഞാൻ പറഞ്ഞു.

“ഹായ്...”

മീനു ഓടിവന്ന് എന്റെ കഴുത്തിൽ ഉമ്മവച്ചു. അവളുടെ സ്നേഹമുദ്ര.

“വൈകുന്നേരമെത്തണം... കൂടുതൽ വൈകണ്ട...”

“ചെടികളെല്ലാം നനച്ചിട്ടുണ്ട്....”

“ഉം....”

മണ്ണിൽ നിന്ന് വളരെയുയർന്ന ഈ ഫ്ളാറ്റിൽ നൂറിലേറെ ചെടിച്ചട്ടികളുണ്ട്. എനിക്ക് പ്രിയപ്പെട്ട എല്ലാ ചെടികളും ശേഖരിച്ചിട്ടുണ്ട്. തുളസി, ചെത്തി, ചേമന്തി, അശോകതെറ്റി... എന്തിന്, വളർന്ന് പന്തലിക്കേണ്ട കണിക്കൊന്നയും അരയാലും വരെ. പക്ഷേ, ചെടിച്ചട്ടിയിൽ ചെടികളുടെ വളർച്ചക്ക് പരിധിയുണ്ടല്ലോ.

നന്നേ ചെറുപ്പത്തിൽ തന്നെ എനിക്ക് ചെടികളോട് വല്ലാത്ത അഭിനിവേശമായിരുന്നു. അത് ജന്മവാസനയാണെന്ന് തോന്നുന്നു. അച്ഛൻ ഞങ്ങൾ താമസിച്ചിടത്തെല്ലാം ഉദ്യാനങ്ങൾ ഒരുക്കുമായിരുന്നു. അച്ഛൻ ചെടികൾക്ക് നൽകിയിരുന്ന പരിരക്ഷയും വാത്സല്യവും സ്നേഹവും എന്നെ അസൂയപ്പെടുത്തിയിട്ടുണ്ട്. എനിക്കുപോലും കിട്ടാത്തത്ര...

ഇന്ന് ഈ വീട്ടിൽ ഞാൻ ഏകാകി. ഏകാന്തത എനിക്കന്യമല്ല. എന്നും ഞാൻ ഏകാന്തപഥികയായിരുന്നു. രാമേട്ടനോടൊപ്പം ശയിക്കുമ്പോഴും ശരീരം പങ്കിടുമ്പോഴും ഞാൻ ഏകാന്തതയുടെ ചൂടനുഭവിച്ചിട്ടുണ്ട്. എന്റെ ശരീരം കെട്ടിപ്പുണർന്നുറങ്ങാനുള്ള തലയിണ മാത്രമായിരുന്നു, രാമേട്ടന്. ശരീരത്തിന്മേലുള്ള നിമിഷങ്ങളിലെ ആവേശവും പരാക്രമവും അദ്ദേഹത്തിന് തളർന്നുറങ്ങാനുള്ള ഉറക്കഗുളികയും.

എന്റെ ഏകാന്തസമുദ്രത്തിൽ മറുകര കാണാതെ ഞാൻ നീന്തിത്തുടിച്ച വർഷങ്ങളെത്ര?

ഒരർത്ഥത്തിൽ, അദ്ദേഹം തന്നെയല്ലേ എന്നെ ഇന്നത്തെ ഞാനാക്കിയത്? കാമുകന്മാരുടെ ചുംബനച്ചൂടും ശരീരഗന്ധവുമായെത്തുന്ന എന്നെ വാരിപ്പുണർന്ന് കിടപ്പറയിൽ രണ്ടോ മൂന്നോ മിനിറ്റ് നീണ്ടുനിൽക്കുന്ന അനുഷ്ഠാനം പൂർത്തിയാക്കുന്ന അദ്ദേഹം അനുവദിച്ചുതന്ന സ്വാതന്ത്ര്യമായിരുന്നില്ലേ എന്റെ ജീവിതത്തിലെ അനുഗ്രഹം. എന്റെ ശാപവും. എനിക്ക് നൽകിയതോ ഞാൻ നേടിയെടുത്തതോ ആയ സ്വാതന്ത്ര്യത്തെ ഓർത്ത് ഞാൻ എത്ര രാത്രികളിൽ കരഞ്ഞിട്ടുണ്ട്, എന്റെ ആത്മാവ് തേങ്ങിയിട്ടുണ്ട്.

കാളിംഗ്ബെല്ലിന്റെ സംഗീതം. എന്റെ ഹൃദയം പിടഞ്ഞു. അവൻ തന്നെയാവട്ടെ. എന്റെ കാമുകൻ. വെളുവെളുത്ത തിളക്കമുള്ള കണ്ണുകളും കറുത്തിരുണ്ട ചുരുൾ മുടിയുമുള്ള എന്റെ കാമുകൻ.

ഇല്ല. ഇന്ന് ഞാൻ ഏകാകിയല്ല. അവനുണ്ട്.

എന്റെ കാലുകളിൽ ആവേശത്തിന്റെ വിദ്യുത്പ്രവാഹം. അത് ശരീരമാകെ....

ഞാൻ കാമുകസവിധത്തിലേയ്ക്കോടുന്ന ഒരു കന്യകയാവുകയായി. ■

തുടരും

